## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2995** **22.02.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറികളിലെ കീടനാശിനി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; ഇവയുടെ വിപണനം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ അംശം എത്രയെന്നു കണ്ടുപിടിക്കാൻ വിൽപ്പനശാലകളിൽ നിന്ന് സാമ്പിൾ എടുത്ത് പരിശോധന നടത്തുന്ന ഒരു പുതിയ പ്ലാൻ സ്കീം 'സേഫ് റ്റു ഈറ്റ്' കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു. വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. തിരുവനന്തപുരം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറികടകൾ, ജൈവപച്ചക്കറികടകൾ, സൂപ്പർ ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച പച്ചക്കറികൾ പരിശോധിച്ച് അവയിലെ വിഷാംശത്തിന്റെ തോത് അനുസരിച്ച് പരിശോധനാഫലം കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമായ മുന്നറിയിപ്പ് ലഭിക്കുന്നു.<br>അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ കൊണ്ടുവരുന്ന വാഹനങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക് പോസ്റ്റുകളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രത നിർദ്ദേശം നൽകി അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്. എല്ലാ മാസവും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചുള്ള പരിശോധനയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പച്ചക്കറികളിലെ കീടനാശിനിയുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) & (സി) | ചെക്ക് പോസ്റ്റുകളിൽ ഇത്തരം പരിശോധനയ്ക്ക് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്നവ ഉൾപ്പെടെ എല്ലാത്തരം ഭക്ഷോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. പരിശോധനകൾ കർശനമാക്കുന്നതിലൂടെ ഇക്കാര്യത്തിൽ മാറ്റം ഉണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ചെക്ക് പോസ്റ്റുകളിലെ പരിശോധനയെ തുടർന്ന് കീടനാശിനി തളിച്ച പച്ചക്കറികൾ കണ്ടെത്തിയിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ? | | |

**സെക്ഷൻ ഓഫീസർ**